


# നല്ലവഴികളിലൂടെ...

## ഇൻഫന്റ് ജീസസ് ഹൈസ്കൂൾ വടയാർ


### ഡിജിറ്റൽ മാഗസിൻ 2024


# ഉള്ളടക്കം

1.ചിത്രശാല
2.കുട്ടികൾ വരച്ചചിത്രങ്ങൾ
3.പുഴ
4.ചരിത്രവഴികളിലൂടെ വടയാർർഉണ്ണിമിശിഹ ദേവാലയം
5.ഭൂതങ്കേരിൽശ്രീധർമ്മശാസ്താ ക്ഷേത്രം വടയാർ
6.മുന്നോട്ട്
7.വടയാർ ഇളങ്കാവ് ദേവി ക്ഷേത്രം
8. കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി
9..2018
10.വലയിൽ വീണ കുരുന്നുകൾ
11.കവിത  മോഹം
12.മരണം
13.പ്രകൃതിക്ഷോഭം
14.മുന്നോട്ട്
15.MOON
16.ഒരുപാട് നാളുകൾക്ക് ശേഷം
17.English Book Introduction
18.Importance of English Language

# ചിത്രശാല


ABHIDEV PRADEEP


ADITHYA . P.J IX


Ragendra Rajeev IX


Children's Day
Teacher's Day
National Reading Day
World Library Day
World Environment Day
World Water Day
Independendse Day
Health Day
Navneeth S



# കുട്ടികൾ വരച്ച ചിത്രങ്ങൾ










# പുഴ

ചിലനേരമിങ്ങനെ
ഏറെ നിശബ്ദമായി പുലരിയെ കണ്ണടച്ച്
ഏറ്റുവാങ്ങിയിടണം
ചില നേരമാഗാഢ
മൗനവും നീലിച്ച ചേർത്തുവച്ചീടണം അതുപോലെ
അതുപോൽനിരർത്ഥക
മെങ്കിലും കൂരിരുൾ
കുത്തി ഒലിച്ചുപോയി മടുക്കാതിപ്പുഴ






Parvathy a.v IX A


Anjala krishna IX A


Devananda.S
IX A 27


Anjana sudev
class IX

# ചരിത്രവഴികളിലൂടെ

വടക്കുംകൂർ രാജവാഴ്ചയുടെ ആസ്ഥാനം വടയാർ പ്രദേശമായിരുന്നു.ഈ കാലഘട്ടത്തിൽ രാജകുടുംബത്തിൽ ചില്ലറ അസ്വസ്ഥതകൾ ഉണ്ടാകുന്നു.ഇതിന്റെ കാരണം അറിയാൻ ജ്യോതിഷം നോക്കുന്നു. പ്രശ്നവിധി അനുസരിച്ച് ഭദ്ര ദേവതയായ ഭദ്രകാളി അസന്തുഷ്ടയാണെന്ന് മനസ്സിലാക്കുന്നു. രാജധാനിക്ക് അടുത്ത് ക്ഷേത്രം നിർമ്മിക്കണം ഇതായിരുന്നു പരിഹാരം.




പള്ളിക്കടുത്ത് ക്ഷേത്രം നിർമ്മിക്കുന്നത് യുക്തമല്ല ക്ഷേത്രം നിർമ്മിക്കുകയും വേണം രാജാവ് മുൻകൈയെടുത്ത് നസ്രാണി പ്രമുഖന്മാരെ കൊട്ടാരത്തിൽ വിളിച്ചുവരുത്തി.കാര്യങ്ങൾ മനസ്സിലാക്കിയ പൂർവികർ "അവിടുത്തെ ഇഷ്ടം" എന്ന് മറുപടി പറഞ്ഞു.പള്ളി എവിടെ വേണമെന്ന് ആയിരുന്നു അടുത്ത പ്രശ്നം അവിടുത്തെ ഇഷ്ടമെന്ന് പിന്നെയും മറുപടി.രാജാവ് കുറച്ചൊന്ന് ആലോചിച്ചിട്ട് പറഞ്ഞു നമ്മുടെ

ഇഷ്ടമല്ല ദൈവത്തിന്റെ ഇഷ്ടമാണ് പ്രധാനം ആയതിനാൽ നാം ഒരു വിദ്യ പ്രയോഗിക്കാം ഈ ദേവാലയത്തിന്റെ മുമ്പിലുള്ള മരക്കുരിശ് ഇളക്കി അത് പ്രവാഹിയായ നദിയിൽ നിക്ഷേപിക്കാം നല്ല ഒഴുക്കും ഉണ്ടല്ലോ കുരിശ് എവിടെ അടിയുന്നുവോ അവിടെ പള്ളി പണിയും അവിടുത്തെ ഇഷ്ടമെന്ന് അറിയിച്ച നസ്രാണികൾ തിരിച്ചു പോന്നു മഹാരാജാവ് മുൻകൂട്ടി ദിവസം നിശ്ചയിച്ച മന്ത്രിമാരും പ്രമാണികളും ചേർന്ന് കുരിശ് ഇളക്കി മൂവാറ്റുപുഴ ആറ്റിൽ ഇട്ടു. രാജാവും മന്ത്രിമാരും പ്രമാണികളും ചേർന്ന് പള്ളിയോടത്തിൽ കുരിശിനെ പിന്തുടർന്നു.ഒഴുകി വന്നടിഞ്ഞത് ഇന്ന് പള്ളി നിൽക്കുന്ന പുരയിടത്തിൽ. കുരിശു നിൽക്കുന്ന സ്ഥലത്ത്.

ഈ ഭാഗത്ത് പുഴയുടെ വളവ് ലംബമായത് കാരണമായി. ആർപ്പുവിളികൾ ഉയർന്നു ദൈവഹിതം മനസ്സിലാക്കി രാജാവ് പള്ളിയോടത്തിൽ നിന്നും താഴെയിറങ്ങി കുരിശ് വന്നടിഞ്ഞ സ്ഥലത്ത് തന്നെ ആറ്റുമാലിയിൽ കുത്തി നിർത്തി. പള്ളിയുടെ സ്ഥാനം നിർണയിക്കപ്പെട്ടു. പുറമ്പോക്കായി കിടന്നിരുന്നതും രാജഭാഗത്തിൽ ഉൾപ്പെട്ടിരുന്നത് ആയിരുന്നു ആ സ്ഥലം.4.5 സെന്റ് സ്ഥലം രാജാവ് പള്ളിക്കായി പതിച്ചു നൽകി പള്ളി പണിയാൻ ഏർപ്പാടാക്കി ഇന്ന് സഹസ്രോതര ജൂബിലി ആഘോഷിക്കുന്നു വടയാർ ഉണ്ണി മിശിഹാ ദേവാലയം.



# ഭൂതങ്കേരിൽശ്രീധർമ്മശാസ്താ ക്ഷേത്രം വടയാർ

വൈക്കം ദേശത്തെ  വടയാർ കരയും സമീപപ്രദേശവും ആലുവയ്ക്ക് അടുത്ത് ചെങ്ങമനാട് ഉള്ള വൈപ്പിൻ എന്നറിയപ്പെടുന്ന  ഇല്ലത്തിന് അവകാശപ്പെട്ടതായിരുന്നു എന്ന് പറയപ്പെടുന്നു. വർഷങ്ങൾക്കു മുൻപ് ഇവരുടെ ആരാധനാമൂർത്തിയായി ശ്രീധർമ്മ ശാസ്താവിനെ    ഭൂതംകേരിൽ പ്രതിഷ്ഠിച്ച ആരാധന നടത്തിപ്പോന്നു. ഈ വൈപ്പിൻ നമ്പൂതിരിമാരുടെ വസ്തുവകകൾ കൈവശം വെച്ച് ആദായ മെടുക്കുവാൻ 12 വീട്ടുകാരെ




ചുമതലപ്പെടുത്തിയിരുന്നു നെല്ല് ,എണ്ണ, അരി തുടങ്ങിയവകൾ ഇവർ ക്ഷേത്രത്തിലും ഇല്ലത്തും എത്തിച്ചു പോന്നുക്ഷേത്രം ഇരിക്കുന്ന ഇടം പിന്നീട് മാമലശ്ശേരിക്കൈമളുടെ കൈവശം വന്നുചേരുകയും ക്ഷേത്ര അവശ്യങ്ങൾക്കും ഇല്ലത്തും ദ്രവ്യങ്ങൾ  നൽകാതെയും ആയി. ക്ഷേത്രത്തിന്റെ പൂജാരി കർമ്മങ്ങൾ

നിർവഹിക്കുവാൻ വയ്യാത്ത സാഹചര്യം രൂപപ്പെടുന്ന നിലയിൽ എത്തി അങ്ങനെ ഈ ക്ഷേത്രം ക്ഷയിച്ചു പോയി പിന്നീട് ഈ പുരയിടം ഒരു വ്യക്തി വാങ്ങിയതായി പറയപ്പെടുന്നു. 1928 ൽ 133 നമ്പർ എസ്എൻഡിപി ശാഖാ യോഗം രജിസ്റ്റർ ചെയ്യപ്പെടുകയും ക്ഷേത്രവും ക്ഷേത്ര പുരയിടവും വാങ്ങി ഏറ്റെടുക്കുകയും പുതിയ ക്ഷേത്രം പണി കഴിപ്പിച്ച് 1967 ൽപ്രതിഷ്ഠാ കർമ്മം നടത്തി നിത്യപൂജ ചെയ്തുപോരുന്നു. ജാതിവ്യവസ്ഥ കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് കേരളത്തിൽ ഉദിച്ചുയർന്നആത്മീയ തേജസും സാമൂഹ്യ പരിഷ്കർത്താവുമായ ശ്രീനാരായണഗുരുദേവന്റെ പാദസ്പർശമേറ്റ ഇടമാണ് ഭൂതക്കേരി. വടയാർ ഉണ്ണി മിശിഹാ ദേവാലയത്തിനോട് തയ്യിൽ തണ്ടാന്മാരുടെ തറവാടും അവിടെ കളരിഅഭ്യാസ കേന്ദ്രവും ഉണ്ടായിരുന്നു. ഗുരുദേവൻ അവിടെ വിശ്രമിച്ചിരുന്നതായും അവിടെനിന്നാണ് ഭൂതംകേരി ക്ഷേത്രത്തിലേക്ക് എത്തിയത് എന്നും പറയപ്പെടുന്നു ഗുരുദർശനങ്ങൾക്ക് അധിഷ്ഠിതമായി ഭക്തജനങ്ങൾ ആരാധന നടത്തിപ്പോരുന്ന ജാതിഭേദമില്ലാതെ മതവിദ്വേഷം ഇല്ലാതെ ഈ പ്രദേശത്തെ ജനങ്ങൾ ജീവിച്ചു പോരുന്നു.

## മുന്നോട്ട്

ഇരുളിനെ നീക്കി പ്രകാശം

പരത്തിടാം ചിറകുകൾവീശി

പറന്നുയർന്നീടാം തളരാതെ

ഉയരങ്ങൾഇനിയും താണ്ടിടാം

കരുത്ത് ആർജിക്കാം കാലത്തെ

അതിജീവിച്ചിടാം സ്നേഹത്തിൽ

മാമ്പൂക്കൾ വിടർന്നിടാം

തണലായി തുണയായി

കൂടെ നിന്നിടാം കരുണയ്ക്കായി

കൈകോർക്കാം ഒന്നായി

നിന്നിടാം മുന്നോട്ടു പോയിടാം

പാറി പറന്നിടാം



# വടയാർ ഇളങ്കാവ് ദേവി ക്ഷേത്രം

വടക്കുംകൂർ രാജവംശത്തിന്റെ പരദേവത ഇളങ്കാവ് ഭഗവതിയാണ് ഈ ക്ഷേത്രത്തിന്റെ ഉല്പത്തിയെ കുറിച്ച് പറയുന്നത് കൊടുങ്ങല്ലൂരിൽ നിന്ന് വടക്കുംകൂർരാജാവ് ജല മാർഗ്ഗത്തിൽ ഭഗവതിയെ ഇവിടെ കൊണ്ടുവന്ന് കുടിയിരുത്തി എന്നാണ് ഭഗവതിഇള കൊണ്ട കാവാണ് ഇളങ്കാവ് ആയിട്ട് മാറ്റപ്പെട്ടത് .ഭഗവതിയെ കൊടുങ്ങല്ലൂരിൽ നിന്ന് ആറ്റുവേലയിൽ ജല മാർഗ്ഗത്തിലൂടെ കൊണ്ടുവന്ന ആദ്യം ഇരിക്കുന്നത് കൊടുങ്ങല്ലൂരിലുള്ള ഭഗവതിയുടെ ശ്രീമൂലസ്ഥാനം എന്നറിയപ്പെടുന്ന ആറ്റുവേല കടവിലാണ് .ഈ ക്ഷേത്രത്തിൽ മാത്രമായിട്ടുള്ള ഒരു പ്രത്യേകത എന്ന് പറയുന്നത് നിത്യേന കളം എഴുത്തും പാട്ടും നടക്കുന്ന കേരളത്തിലെ അപൂർവങ്ങളിൽ അപൂർവങ്ങളായ ഭദ്രകാളി ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ട ക്ഷേത്രമാണ് .ഇവിടെ കളം എഴുത്തും പാട്ടും ഒരു കാരണവശാലും മുടങ്ങാൻ പാടില്ല എന്നുള്ള ഒരു നിബന്ധന ഉണ്ടായിരുന്നു .വടക്കുംകൂർ രാജവംശത്തിന്റെ ആചാര്യ സ്ഥാനന്മാരായിരുന്ന മനയത്താട്ട് ഇല്ലത്തുകാർക്കാണ്ഈ ക്ഷേത്രത്തിന്റെ താന്ത്രിക അവകാശം .കേരളത്തിലെ ഏറ്റവും വലിയ ജലോത്സവം കൂടിയായ ആറ്റുവേല അനുജത്തിയായ ഇളങ്കാവിൽ ഭഗവതിയെ സന്ദർശിക്കുവാനും ഗ്രാമത്തിന് ക്ഷേമ ഐശ്വര്യങ്ങൾ ചൊരിയുന്നതിനുമായി കൊടുങ്ങല്ലൂർ ഭഗവതി അശ്വതി നാളിൽ എഴുന്നള്ളി എത്തുന്നതാണ് ഐതിഹ്യം. രണ്ട് കൂറ്റൻ വള്ളങ്ങൾ ചേർത്ത് ക്ഷേത്രം മാതൃകയിൽ നിർമ്മിക്കുന്ന മൂന്ന് നിലകളുള്ള ആറ്റുവേല ചാടിലാണ് കൊടുങ്ങല്ലൂർ ഭഗവതി ആറ്റുവേല കടവിൽ നിന്ന് ഇളങ്കാവ് ക്ഷേത്രത്തിലേക്ക് എത്തുന്നു.അകമ്പടിയായി നിരവധി വള്ളങ്ങളിൽ ഗരുഡൻ തൂക്കങ്ങളും വാദ്യമേളങ്ങളും ഉണ്ടാകും. പുഴയുടെ ഇരു കരകളിലും വിളക്കുകൾ തെളിയിച്ച് നാട്ടുകാർ ദേവിക്ക് വരവേൽപ്പ് നൽകും. മീനമാസത്തിലെ തിരുവോണനാളിൽ കൊടിയേറി അശ്വതി നാളിലാണ് ആറ്റുവേല ആഘോഷിക്കുക.

## കായിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി

കായിക ക്ഷമതയും ആരോഗ്യവും ഇച്ഛാശക്തിയും ഉള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ കായിക വിദ്യാഭ്യാസം വഹിക്കുന്ന പങ്ക് നിസ്തുലമാണ് .കായിക യോഗ്യത എന്ന് പറയുന്നത് കേവലം ശാരീരികമായ കാര്യക്ഷമത മാത്രമല്ല മറിച്ച് മനസ്സിന്റെയും ശരീരത്തിന്റെയും കാര്യക്ഷമതയും സന്തുലിതാവസ്ഥയുംആണ് കായികവിദ്യാഭ്യാസത്തിലൂടെഅടുക്കുംചിട്ടയുമുള്ളഒരുതലമുറയെരൂപപ്പെടുത്താനുംഇതുസഹായിക്കുന്നു.ലക്ഷ്യം പൂർത്തീകരിക്കുവാനും അതിനായി ഒന്നിച്ചു പൊരുതുവാനുള്ള ആവേശവും ഉത്സാഹവും കായിക പരിശീലനത്തിലൂടെ ലഭിക്കുന്നു. വ്യക്തിപരമായ ശുചിത്വവും വൃത്തിയും നിലനിർത്താനും ഇത് സഹായിക്കുന്നു. കായിക മികവുകളെ



പ്രകടിപ്പിക്കാൻ സ്കൂൾ കുട്ടികൾക്ക് സൗകര്യം ഒരുക്കുന്നു ഒരു കുട്ടിയുടെ വ്യക്തിത്വത്തെ വളർത്തുന്നതിൽ കായിക വിദ്യാഭ്യാസം വളരെയധികം സഹായിക്കുന്നു ആരോഗ്യകരമായ ആഹാരരീതി പരിശീലിക്കുന്നതിൽ കായിക വിനോദങ്ങൾ സഹായിക്കുന്നു. എല്ലാപേ വിദ്യാലയങ്ങളും ഈ പ്രാധാന്യങ്ങൾ മനസ്സിലാക്കി കായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര ശ്രദ്ധ കൊടുക്കാറുണ്ട്. മത്സരങ്ങളും മേളകളും സംഘടിപ്പിച്ച കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു.

# 2018

*ചന്ദനുബോബി മൂശാറയിൽ*

2018 ജൂലൈ-ഓഗസ്റ്റിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. ശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നതോടെ അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നുവിട്ടതാണ് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിക്കുവാൻ പ്രധാന കാരണമായതെന്ന ആരോപണം ഉയരുന്നുണ്ട്. എന്നാൽ കേന്ദ്ര ജല ക്കമ്മീഷന്റെ റിപ്പോർട്ട് വന്നതോടെ ആരോപണങ്ങൾ ശരിയല്ലെന്ന് തെളിഞ്ഞു. കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് യഥാർത്ഥത്തിൽ ഡാമുകളിലേക്ക് ഒഴുകിയെത്തിയതിൽ ഒരു ഭാഗം മാത്രമാണ് പുറത്തേക്ക് തുറന്ന് വിട്ടത്. ഒരു ഭാഗം ജലം ഡാമിൽ തന്നെ പിടിച്ചു നിർത്തുകയും അത്രത്തോളം പ്രളയത്തിന്റെ രൂക്ഷത കുറയ്ക്കാനും സഹായകരമായി എന്നാണ് കേന്ദ്ര ജല കമ്മിഷന്റെ കണ്ടെത്തൽ. അന്തർ സംസ്ഥാന അണക്കെട്ടുകളുടെ ഏകോപനമില്ലായ്മ, ഒട്ടനവധി മേഘവിസ്ഫോടനങ്ങൾ, അന്തരീക്ഷത്തിലെ ന്യൂനമർദം, പാടങ്ങൾ മണ്ണിട്ട് നികത്തുക എന്നിവയും ഈ പ്രളയത്തിന്റെ കാരണങ്ങളിൽ ചിലതുമാത്രമാണ്. ഭൂപ്രകൃതിപരമായി നിരവധി പ്രത്യേകതകളുള്ള കേരള സംസ്ഥാനത്തിന് ഈ മഹാപ്രളയം മോശമായി ബാധിച്ചു. കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 859 ആണെങ്കിൽ ദേശീയ ജനസാന്ദ്രത വെറും 382 ആണ്. അതുപോലെ തന്നെ കേരളത്തിന്റെ ഏകദേശം പത്തു ശതമാനം പ്രദേശങ്ങളെങ്കിലും സമുദ്രനിരപ്പിനു താഴെ സ്ഥിതിചെയ്യുന്നതിനോടൊപ്പം 41 നദികൾ അറബിക്കടലിലേയ്ക്കു പതിക്കുന്നവയുമാണ്. ഈ നദികളിലെല്ലാംകൂടി ഏകദേശം 54 ജലസംഭരണികളെങ്കിലും നിലനിൽക്കുന്നുണ്ട്. നിലയ്ക്കാതെ പെയ്ത

മഴവെള്ളത്തെ ഉൾക്കൊള്ളുവാൻ ഈ നദികൾക്കോ ജലസംഭരണികൾക്കോ സാധിച്ചില്ല. ശാന്തസമുദ്രത്തിൽ രൂപപ്പെട്ട ഷൻഷൻ, യാഗി എന്നീ ചുഴലിക്കാറ്റുകളും കേരളത്തിലെ കനത്തമഴയെ സ്വാധീനിച്ചിരുന്നുവെന്ന് കാലാവസ്ഥാ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ഈ പ്രകൃതിദുരന്തം പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫസർ മാധവ് ഗഡ്ഗിലിനേയും അദ്ദേഹത്തിൻറെ ഗാഡ്ഗിൽ റിപ്പോർട്ടിനേയും വീണ്ടും ജനശ്രദ്ധയിലെത്തിച്ചു. പാരിസ്ഥിതിക നാശം മൂലമുണ്ടാവുന്ന വിശക്കുന്ന ജല പ്രതിഭാസം കൂടി പ്രളയകാരണങ്ങളിൽപ്പെടുത്താവുന്നതാണ്.
2018 ലെ പ്രളയകാലത്ത് ചെറുതോണി അണക്കെട്ടിലെ 5 ഷട്ടറുകളും ചരിത്രത്തിൽ ആദ്യമായി തുറന്നപ്പോഴുള്ള ദൃശ്യം.
ഇടുക്കിയിൽ ജലനിരപ്പ് ഉയർന്നിട്ടും ഷട്ടറുകൾ തുറക്കാൻ വൈകിയതാണ് പെരിയാറിന്റെ തീരങ്ങളെയും കൊച്ചി നഗരത്തിന്റെ ഭാഗങ്ങളെയും പൂർണ്ണമായി ജലത്തിനടിയിലാക്കിയത് എന്നാരോപണമുണ്ട്. മുല്ലപ്പെരിയാർ, ഇടുക്കി ഒഴികെയുള്ള അണക്കെട്ടുകൾ തുറക്കാൻ ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ മേധാവിയായ കലക്ടറുടെ അനുമതി ആവശ്യമാണ്. അണക്കെട്ടിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ നിലവിലെ അവസ്ഥയും ആവശ്യവും അറിയിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സാധാരണയായി കളക്ടർ അണക്കെട്ട് തുറക്കാൻ അനുമതി നൽകുന്നത്. വൈദ്യുതി, ജലസേചന വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളുടെ ചുമതല അസി. എക്സി. എൻജിനീയർ, എക്സി. എൻജിനീയർ എന്നിവർക്കാണ്. തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള അപ്പർ ഷോളയാർ, പറമ്പിക്കുളം ഡാമുകളിലെ ഷട്ടർ തുറക്കുന്ന വിവരം യഥാസമയം കേരളം അറിയാതെ പോയതും വെള്ളപ്പൊക്കത്തിന്റെ ആഘാതം കൂടാൻ മറ്റൊരു കാരണമായി. ഡാം തുറക്കുന്നതിന് ഏതാനും മണിക്കൂർ മുൻപു മാത്രമാണു തമിഴ്നാട് വിവരം പുറത്തുവിട്ടത്.
കേരളത്തിൽ 2018 ൽ ഉണ്ടായ മഹാപ്രളയത്തിന് കാരണം അണക്കെട്ടുകൾ തുറന്നത് കൊണ്ടല്ല എന്നും മറിച്ച് കേരളത്തിൽ പെയ്ത അതി തീവ്ര മഴയുടെ ഭാഗമായി അണക്കെട്ടുകളിൽ ഒഴുകി വന്ന ജലത്തിന്റെ ഒരു ഭാഗം മാത്രമേ തുറന്നു വിട്ടിട്ടുള്ളു എന്നും കേന്ദ്ര ജല കമ്മീഷൻ അവരുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്
കേരളത്തിലെ അണക്കെട്ടുകളുടെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുന്നത് ഡാം സുരക്ഷാ അതോറിറ്റിയാണ്. കേരളത്തിൽ മഹാപ്രളയം വരുത്തിവെച്ചതിൽ ഡാം സുരക്ഷാ അതോറിറ്റിക്കും അധികൃതർക്കും സംബന്ധിച്ച വീഴ്ച്ചകളാണെന്ന ആരോപണം ശക്തമാണ്.

# വലയിൽ വീണ കുരുന്നുകൾ

പതിവുപോലെ സ്നേഹമോൾ സ്കൂളിലേക്ക് പുറപ്പെട്ടു.ചേട്ടന്റെ സൈക്കിളിന്റെ പുറകിലിരുന്ന് കാഴ്ചകൾ കണ്ടു പോകാൻ അവൾക്ക് ഭയങ്കര ഇഷ്ടമാണ്.എപ്പോഴും പുഞ്ചിരിക്കുന്ന അവളെ ഒമനിച്ചു വിളിക്കുന്നത് 'പുഞ്ചിരി 'എന്നാണ്.

"പുഞ്ചിരീ.. നീ വരുന്നുണ്ടോ.. ഏട്ടന് വേഗം എത്തണം.. പ്രാക്ടിക്കൽസ് ഉണ്ട് "

പ്ലസ് ടുവിനാണ് അഭി പഠിക്കുന്നത്. പുഞ്ചിരിയെ അവളുടെ സ്കൂളിൽ വിട്ടിട്ട് അരക്കിലോമീറ്റർ വീണ്ടും പോകണം അഭിയുടെ സ്കൂളിലേക്ക്.

"ഏട്ടാ.. പോകാം.. അവൾ സൈക്കിളിൽ കയറി "

പോകുന്ന വഴി അഭിയുടെ കൂട്ടുകാരും സൈക്കിളിൽ വരും.പിന്നെ എല്ലാവരും ഒരുമിച്ചാണ് സ്കൂളിലേക്ക് യാത്ര.

"പുഞ്ചിരി മോളെ.. ഒന്ന് പുഞ്ചിരിച്ചേ.."

അഭിയുടെ കൂട്ടുകാരിലൊരാളായ മനുവാണ് ചോദിച്ചത്. മനു മാത്രമാണ് അവളോട് ചങ്ങാത്തം കൂടുന്നത്. പുഞ്ചിരിമോൾക്ക് ഏട്ടനെപോലെ തന്നെയാണ് മനു.

പാടശേഖരത്തിന്റെ നടുവിലൂടെയുള്ള നാട്ടുവഴി. പച്ചപ്പുകൾ നിറഞ്ഞ കാഴ്ചകൾ.. രാവിലെ അർക്കന്റെ പ്രഭയിൽ ഒരു പ്രത്യേകസൗന്ദര്യമാണ്. പുഞ്ചിരിമോൾ അത്ഭുതത്തോടെ നോക്കിയിരിക്കുകയാണ്. പക്ഷികൾ കൂട്ടത്തോടെ പറക്കുന്നത്, വെള്ളം ഒഴുക്കുന്ന ചാലുകൾ.. കള പറിക്കുന്ന പണിക്കാർ ഇങ്ങനെ പോകുന്നു വല്യാറമ്പുറം ഗ്രാമത്തിന്റെ കാഴ്ചകൾ. നാട്ടുവഴി അവസാനിക്കുന്നിടത്ത് ഒരു ദേവീക്ഷേത്രമാണ്. എല്ലാവരും

**അവിടെ സൈക്കിൾ നിർത്തി ആലിൻചുവട്ടിൽ നിന്ന് തൊഴുതിട്ടാണ് പോകുന്നത്. അമ്പലം കഴിഞ്ഞ് തൊട്ടടുത്തുള്ളതാണ് പുഞ്ചിരിയുടെ സ്കൂൾ. അഭി അവളെ സ്കൂളിന്റെ മുൻപിലിറക്കിയിട്ട് കൂട്ടുകാരോടൊപ്പം യാത്രതുടർന്നു.**

**ഒരു പകൽ പെട്ടന്നാണ് കടന്നു പോയത്. പുഞ്ചിരിയുടെ വീട്ടിൽ എല്ലാവരും പരിഭ്രാന്തരായിരിക്കുന്നു. നേരം ആറുമണിയായിട്ടും പുഞ്ചിരി വന്നിട്ടില്ല. അഭിയുടെ കൂടെ വരുമെന്ന് കരുതി നോക്കിയിരിക്കുകയാണ്. കൂട്ടുകാരോടൊപ്പം നാലരക്കുള്ള ബസിൽ കയറി വരികയാണ് പതിവ്. ജംഗ്ഷനിലുള്ള കടയിൽ അന്വേഷിച്ചപ്പോൾ പുഞ്ചിരി ബസിൽ നിന്നിറങ്ങിയതായി കണ്ടില്ലന്ന് കടക്കാരൻ പാപ്പച്ചൻ ചേട്ടൻ പറഞ്ഞു.**

**”പേടിക്കണ്ടമ്മേ.. ചേട്ടന്റെ കൂടെ സൈക്കിളിൽ വരാനാകും ”**

**ആ സമാധാനത്തോടെയാണ് എല്ലാവരും കാത്തിരിക്കുന്നത്.പക്ഷെ അഭി സൈക്കിളിൽ പതിവുപോലെ വരുന്നത് ദൂരെ നിന്ന് തന്നെ പുഞ്ചിരിയുടെ അമ്മ ദേവി കണ്ടു. സൈക്കിളിന്റെ മുമ്പിലോ പിന്നിലോ ആരെങ്കിലും ഇരിക്കുന്നതായി തോന്നിയില്ല.ദേവിക്ക് നെഞ്ചിൽ ഇടിപ്പ് കൂടി. അഭി മുറ്റത്തേക്ക് കയറിയതും ദേവി ഓടിച്ചെന്നു.**

**”മോനെ.. അഭി.പുഞ്ചിരി എവിടെ പോയി ”**

**”ഞാൻ കണ്ടില്ലമ്മേ.. അവൾ ബസിനല്ലേ വരുന്നത്.. ഞാൻ ട്യൂഷന് പോയിരിക്കുവാരുന്നല്ലോ ”**

**”എന്റെ ഭഗവാനെ... അച്ഛനെ വിളിച്ചു വിവരം പറഞ്ഞപ്പോൾ ഓഫീസിൽ നിന്നിറങ്ങിയെന്ന് പറഞ്ഞു.. ഇപ്പോൾ വരും.. ഞാൻ എന്ത് പറയും ”**

**സമയം ഇരുണ്ടു കഴിഞ്ഞു. അപ്പോഴേക്കും കടക്കാരൻ പാപ്പച്ചൻ അങ്ങോട്ടേക്ക് ഓടി വന്നു.**

**”അതെ ബാലൻ സർ ഓഫീസിൽ നിന്ന് വന്നോ ”**

**”ഇല്ല.. എന്താ പാപ്പച്ചാ.... എന്ത് പറ്റി.. എന്തെങ്കിലും വിവരം”**

"അത്... അതുപിന്നെ.. ദേവീ.. പാടത്തിന്റെ കരോട്ട് ഗന്ധർവ്വൻ പാറയിൽ ആൾക്കാർ കൂടിയിരിക്കുന്നു. പോലീസൊക്കെ വന്നിട്ടുണ്ട് "

അത് കേട്ടതും ദേവി സിറ്റൗട്ടിൽ തളർന്നിരുന്നു.

"ആഹ്.. ബാലൻ സാറും വന്നല്ലോ.."

അഭിയും പാപ്പച്ചനും വഴിയിലേക്ക് ചെന്നു. കാറിൽ നിന്നിറങ്ങുന്നതിനു മുമ്പ് വിവരം ധരിപ്പിച്ചു. മൂവരും കൂടി ഗന്ധർവ്വൻ പാറയിലേക്ക് പോയി.അവിടെയെത്തിയതും അയൽവാസി രാജു ഓടിച്ചെന്നു.

"ചതിവ് പറ്റി.. ബാലൻ സാറെ.. നമ്മുടെ പുഞ്ചിരി മോളെ ഏതോ ദ്രോഹികൾ മയക്കുമരുന്ന് കഴിച്ച ലഹരിയിൽ നശിപ്പിച്ചു.. ദ്രോഹികൾ മോളുടെ ജീവനെടുത്തു ."

പോലീസ് അപ്പോഴേക്കും സ്ട്രെച്ചറിൽ മൃതദേഹം പാടവരമ്പിലൂടെ കൊണ്ടുവരുന്നുണ്ടായിരുന്നു.എല്ലാവരും അങ്ങോട്ടേക്ക് ഓടിച്ചെന്നു.

"എന്റെ. പൊന്നുമോളെ...."ബാലൻ സാറിന്റെ നിലവിളിയിൽ അന്തരീക്ഷം നടുക്കം കൊണ്ടു.

"ആരാ സാറെ.. ആരാ ഈ ദ്രോഹം ചെയ്തത് "
"നിങ്ങൾ സമാധാനപ്പെടൂ.. പ്രതികളെ ഞങ്ങൾ അറസ്റ്റ് ചെയ്തു കഴിഞ്ഞു. സ്കൂൾ കേന്ദ്രീകരിച്ചു മയക്കുമരുന്ന് ഉപയോഗിക്കുന്ന നാല് വിദ്യാർത്ഥികളാണ് പ്രതികൾ.. പക്ഷെ.."

"പക്ഷെ.. എന്താണ് സർ.. പറയൂ.. എന്റെ സമാധാനത്തിന് വേണ്ടിയെങ്കിലും പറയൂ "

"പ്രതികളെല്ലാവരും നിങ്ങളുടെ മകന്റെ ഉറ്റകൂട്ടുകാർ തന്നെയാണ്... പ്രധാന പ്രതിയുടെ പേര് മനു "

അഭി ഞെട്ടിത്തരിച്ചു നിന്നുപോയി.

"വൈകുന്നേരം ബസ് കാത്തുനിന്നിടത്ത് നിന്ന് വീട്ടിലെത്തിക്കാമെന്ന് പറഞ്ഞു സൈക്കിളിൽ കയറ്റി കൊണ്ടു പോകുകയായിരുന്നു. വീട്ടിൽ എന്തോ ആവശ്യമുണ്ടെന്നും അതിനാൽ നേരത്തെ പോകുന്നുവെന്നും അഭിയോട് വിവരം ധരിപ്പിച്ചിട്ടുണ്ടെന്നുമാണ് അവർ പുഞ്ചിരിയോട് പറഞ്ഞത് "

"ദ്രോഹി.. അതിനാണല്ലേ.. വീട്ടിൽ ആരോ വന്നിട്ടുണ്ടെന്ന് പറഞ്ഞ് അവൻ നേരത്തെ പോന്നത് "

പോലീസ് അവരെ ആശ്വസിപ്പിച്ച് വണ്ടിയിൽ കയറ്റി.ഒപ്പം പുഞ്ചിരി മോളുടെ നിശ്ചലമായ ശരീരവും.

അഭിയുടെ മനസ്സ് തേങ്ങിക്കരയുകയായിരുന്നു. അറിഞ്ഞോ അറിയാതെയോ മയക്കുമരുന്ന് വാങ്ങാൻ താനും പലപ്പോഴും സഹായിച്ചിട്ടുണ്ട്. ഒരു ബംഗാളിയാണ് സ്കൂൾ ബാഗിൽ ആർക്കും സംശയം തോന്നാത്ത രീതിയിൽ മയക്കുമരുന്ന് എത്തിച്ചിരുന്നത്. പലപ്പോഴും തന്റെ ബാഗിലും അതൊക്കെ സൂക്ഷിക്കാൻ തന്നിരുന്നു. ഒടുവിൽ ദ്രോഹികൾ എന്റെ പുഞ്ചിരി മോളുടെ ജീവൻ കവർന്നു. ലഹരിയെന്ന ശത്രു.. എല്ലാ സ്വപ്നങ്ങളും നശിപ്പിച്ചു. ലഹരി ഉപയോഗിക്കുന്നവർക്കും അതിന് കൂട്ടുനിൽക്കുന്നവർക്കും ഇതൊരു പാഠമാണ്. ലഹരി സമൂഹത്തിന്റെ പൊതുശത്രുവാണ്. അഭിയുടെ മനസ്സിൽ ഉറച്ച തീരുമാനങ്ങൾ രൂപം കൊണ്ടിരുന്നു. ഇനി തന്റെ പോരാട്ടം ലഹരിയെന്ന ശത്രുവിനെതിരെയാണന്ന് ഉറപ്പിച്ചു.

***കീർത്തി ബി പണിക്കർ***

## കവിത :മോഹം

വെള്ളിമേഘങ്ങളെ തൊട്ടുതലോടി
പറക്കുന്ന ദേശാടനക്കിളികൾ പോൽ
വാനിൽ പറന്നുയർന്നീടുവാൻ മോഹം
വർണ്ണക്കാഴ്ച്ചകൾ കാണുവാൻ മോഹം.

ഏഴുനിറങ്ങളും പൂത്തുവിടരുന്ന
മാനത്തെ മാരിവില്ലാകുവാൻ മോഹം
മഴത്തുള്ളികളായി ഭൂമിയിൽ
വീണൊരു പുഴയായൊഴുകുവാൻ മോഹം.

മാനത്തു രാത്രിയിൽ മിന്നിത്തെളിയുന്ന
താരകപ്പൂക്കളായി ജനിക്കുവാൻ മോഹം..
രാവിന്നഴകായി എങ്ങും പരക്കുന്ന
നിലാവായി മാറുവാൻ മോഹം.

കവിതകൾ വിരിയുന്ന കവിമനസ്സിലെ
കാവ്യാംഗനയായി ജനിക്കുവാൻ മോഹം
മോഹങ്ങളിനിയുമേറെയുണ്ടല്ലോ..
ജീവിതമെന്നൊരു വലിയ മോഹം

*കീർത്തി ബി പണിക്കർ*

# മരണം

എൻ അമ്മ തൻ ഉമ്മയെ  ഞാൻ ഓർത്തീടുന്നു.
എൻ അമ്മ തൻ സ്നേഹത്തെ  ഞാൻ ഓർത്തീടുന്നു അമ്മ
മരിച്ചു ഇരുവർഷം കഴിഞ്ഞപ്പോഴും
അമ്മയെക്കുറിച്ചോർത്തു ഇരുന്നുപോയി.
ഒരിക്കലും എന്നിൽ നിന്നകലാത്ത അമ്മ
അന്ന് എന്നെ വിട്ടകുന്നു.
ഞാൻ കരഞ്ഞു ഒരുപാടൊരുപാട്
അപ്പോഴും എന്റെ കൂടെ
എന്റെ അമ്മയുണ്ടെന്ന തോന്നൽ
എന്റെ സങ്കടത്തെ ഊതിപ്പറപ്പിച്ചു.
മരണത്തിൽ മുൻപിൽ കിടന്നപ്പോഴും
അമ്മ ഒരു ചിരി എനിക്കായി സമ്മാനിച്ചു.
മരണത്തിൽ മുൻപിൽ കിടന്നപ്പോഴും
അമ്മയി ഞാനൊരു സൗഹൃദദാഖം കണ്ടു.
അമ്മയെക്കുറി ച്ചോർത്തു ഇരുന്നുപോയി.
അമ്മയുടെ പരിധിയില്ലാത്ത സ്നേഹം
എന്നെ വിട്ടകലുന്നില്ല.
അമ്മ മരിച്ചു ഇരുവർഷം കഴഞ്ഞു
എങ്കിലും അമ്മ എന്നെ വിട്ടകലുന്നില്ല.

ഗംഗ സുരേഷ്

## പ്രകൃതിക്ഷോഭം

വേനൽ ചൂടിനൊരാശ്വാസമായ്

പുതുമണ്ണിൽ നിശ്വാസമായ്

കരുണതൻ ഭാവത്തിൽ എത്തിടും നി

സർവ്വ സംഹാരം തുടങ്ങിടുവാൻ

മാനം കറക്കുന്നു കാറ്റുകൾ വീശുന്നു

ഭൂമിയെ പ്രകമ്പനം കൊള്ളിക്കും

മിന്നലുകൾ

കോരിച്ചൊരിയുന്നപേമാരിയിൽ

പ്രകൃതി നിൻ ക്ഷോഭം

തുടങ്ങിടുമ്പോൾ

പകയോടെ നോക്കിമൊഴിഞ്ഞിടുന്നു

ആടിതിമിർത്തു

പെയ്യുന്നനേരത്തിന്നായിരം സ്വപ്നങ്ങൾ

വീണുടഞ്ഞു

ഇതെന്തുമാത്രമെന്നറിയില്ലെനിക്ക്

തിരികെ മടങ്ങിയതായിരം ജീവനും

സ്വപ്നവുമായ്

ദേഷ്യമോ രുദ്രമോ കോപമോ

നിൻ സംഹാരം കേളിതൻ വർണ്ണ

ഹേതുമാനവർ പേറുന്ന

ശാപത്തിൽഫലമോഅതോ

സർവ്വംസഹയായനിൻചാപല്യമോ

## മുന്നോട്ട്

ഇരുളിനെ നീക്കി പ്രകാശം

പരത്തിടാം ചിറവുകൾവീശി

പറന്നുയർന്നീടാം തളരാതെ

ഉയരങ്ങൾഇനിയും താണ്ടി

ടാം കരുത്ത് ആർജ്ജിക്കാം

കാലത്തെ അതിജ്ജീവിച്ചിടാം

സ്നേഹത്തിൽ സ്നേഹത്തിൻ

മാതൃകൾ വിടർന്നിടാം

തണലായി തുണയായി

കൂടെ നിന്നിടാം

കരുണയ്ക്കായി

കൈകോർക്കാം ഒന്നായി

നിന്നിടാം മുന്നോട്ട് പോയിടാം

പാറി പറന്നിടാം

## MOON

I am the Moon, I am the only satellite

You can only see me

When the sky become dark

People say that I am

Like a shining round ball

In the darkness of night

I gave my silver light

To evergone in the earth

When people see me

They smiled at me

Truely I am very happy

To see their smiling faces

But I am get sad when

I see the cruel things

Which man done

Behind the darkness of night

I am the only eye

At the time of night

I am the Moon I am the only satellite

***ANGEL MARIA JAMES***

## ഒരുപാട് നാളുകൾക്ക് ശേഷം

ആ കൽപടവുകൾ കയറി ഞാൻ

നടന്നു...

ഇലകൾ വീണു മൂടിയ പറവുകളിൽ

ഓർമ്മകൾ

പായൽ കയറി മരിച്ചു

കിടന്നിരുന്നു...നിന്റെ

ഓർമ്മകൾക്ക് മേൽ വീണു

കിടന്നിരുന്നു പഴകിയ ഇലകളെ

വകഞ്ഞു മാറ്റി കൊണ്ട് ഞാനീ പള്ളി

സെമിത്തേരിയിൽ എത്തി...തരാൻ

മറന്ന ഒരു

ചെറു റോസാപുഷ്പവും നിനക്കു

നൽകി ഞാൻ

പോവുകയാണ്... കൂടെ എന്റെ

ഹൃദയവും....

പ്രണയം ആത്മാവുകൾ

തമ്മിലാണെന്ന് ഈ

പള്ളിമുറ്റത്തു നിന്നല്ലേ സഖൻ നീ

പാടിയത്..

# English book Introduction

introducing a book named 'Grandma's bag of stories '

Grandma's bag of stories is a beautiful collection of interesting stories to share with kids from the pen of very popular author Mrs. Sudha Murthy.The book will take you through the memory lane of your childhood days spent at your grandparent's home. Sudha Murthy's Grandma's bag of stories is simply wonderful and full of engaging stories of monkeys and mice, king's and cheats, scorpions and hidden treasure and princess and onions.The conversation between ajji and her grandchildren is interesting and engaging.It let's us dig into the kind of bonding and inspiration grandparents can have on today's younger ഓഠ generation.The book takes you on a journey from a real world to the world of fantasies and fiction.ajji's stories are based on the values of courage, intelligence, foresight, and kindness.

SNEHA T

## Importance of English language

**English is a very beautiful language. English is one of the most spoken languages in the world. It is very important to learn English language. By learning English we can communicate with everyone in this world. It will help to connect new people worldwide. English language fills our personality with confidence. A student should learn English not only to get good marks but also to lead a good life. Most of the trades were handled through English language. English language enables us to read all the books of the international ഒററwriters. We must recognise the importance of such a beautiful language.**

**GANGA SURESH**

Thanks to all....